**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 704** **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ മേലുള്ള നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്റഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക സഹകരണ സംഘങ്ങൾ ബാങ്ക് എന്ന പേര് ഉപയോഗിക്കരുതെന്നും വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്നും റിസർവ് ബാങ്കിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രധാന പങ്ക് വഹിക്കുന്ന സഹകരണ പ്രസ്ഥാനത്തെ ഇത്തരം നിയന്ത്രണങ്ങൾ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വെയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ്. ഇവയുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നിയന്ത്രണങ്ങളും ചട്ടങ്ങളും ചെറുകിട ക്രെഡിറ്റ് (വായ്പ) രംഗത്ത് തിരിച്ചടികൾക്ക് കാരണമാകാം. ഇത് സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് അപരിഹാര്യമായ സ്ഥിതി വിശേഷം സൃഷ്ടിക്കുമെന്ന് കരുതുന്നു. |
| (സി) | ഇക്കാര്യത്തിൽ സഹകാരികൾക്കുണ്ടാകുന്ന ആശങ്കകൾ അകറ്റുന്നതിനും സഹകരണ സംഘങ്ങളുടെ നിലവിലെ പ്രവർത്തനം നിയമാനുസൃതമായി തുടരുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | 'സഹകരണം' ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാന ത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ നിയമത്തിന് വിരുദ്ധവും, സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടതാണ്. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാകയാൽ ടി ഭേദഗതികളെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ സഹകാരികൾ, PACS അസോസിയേഷൻ ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ |

| | | | |
|---|---|---|---|
| | | | പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് ചർച്ചകൾ നടത്തിയിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ പത്രപരസ്യത്തെ തുടർന്ന് ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ്വ് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ